**പതിനാലാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 3410** **20/06/2018 ൽ മറുപടിക്ക്**

**അഗ്രികൾച്ചർ അസിസ്റ്റന്റ് നിയമനം**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. മുഹമ്മദ് മുഹസിൻ.പി:** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) അഗ്രികൾച്ചർ അസിസ്റ്റന്റ് (കാറ്റഗറി നമ്പർ 444/16 ) നിയമനത്തിനായി സ്വീകരിച്ചിട്ടുള്ള യോഗ്യതകൾ എന്താണെന്ന് വിശദമാക്കാമോ ;<br><br>(ബി) ഇതിൽ ഡിപ്ലോമ പാസായവർക്കും കാർഷിക ബിരുദധാരികൾക്കും തുല്യ പരിഗണന ലഭിച്ചിട്ടുണ്ടോ? | (എ)<br>&(ബി) അഗ്രികൾച്ചർ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള നിയമനത്തിന് പി.എസ്.സി. വിജ്ഞാപന പ്രകാരമുള്ള യോഗ്യതകൾ ചുവടെ ചേർക്കുന്നു.<br><br>കേരള കാർഷിക സർവ്വകലാശാലയിൽനിന്നും നൽകുന്ന കൃഷി ശാസ്ത്രത്തിലുള്ള ഡിപ്ളോമയോ, തത്തുല്യ യോഗ്യതയോ, പ്രസ്തുത യോഗ്യതയുള്ളവരുടെ അഭാവത്തിൽ കൃഷിയിലുള്ള വൊക്കേഷണൽ ഹയർ സെക്കന്ററി സർട്ടിഫിക്കറ്റ്/<br>ടി യോഗ്യതയുള്ളവരുടെ അഭാവത്തിൽ<br>1) കൃഷി മുഖ്യ വിഷയമായിട്ടുള്ള എസ്. എസ്. എൽ. സി/ തത്തുല്യമായ യോഗ്യത അല്ലെങ്കിൽ<br>2) എസ്. എസ്. എൽ. സിയോ തത്തുല്യമായ യോഗ്യതയും കൃഷിയിൽ അംഗീകൃത പരിശീലനവും അല്ലെങ്കിൽ<br>3) കൃഷി ഐച്ഛിക വിഷയമായി ഉൾപ്പെടുത്തി കൊണ്ടുള്ള പോസ്റ്റ് ബേസിക് സ്കൂൾ ലീവിംഗ് സർട്ടിഫിക്കറ്റ്.<br>നല്ല കായികശേഷി.<br>വിജ്ഞാപന പ്രകാരം തത്തുല്യത പറഞ്ഞിട്ടുള്ളതിനാൽ തത്തുല്യമായ യോഗ്യതകളും പരിഗണിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**